കേരള സർക്കാർ
ഗതാഗത (ബി) വകുപ്പ്

നം.ബി2/8/2017/ഗതാ.    തീയതി,തിരുവനന്തപുരം 19.04.2017

## പരിപത്രം

വിഷയം :- 2017-ഏപ്രിൽ 26-കേരളത്തിൽ ഹോൺ മുഴക്കാത്ത ദിനമായി ആചരിക്കുന്നതിനുള്ള നിർദ്ദേശം-പുറപ്പെടുവിക്കുന്നു.

ദേശീയതലത്തിൽ എല്ലാ വർഷവും ഏപ്രിൽ 26 അന്തർദേശീയ ശബ്ദ മലിനീകരണ ബോധവൽക്കരണ ദിനമായി ആചരിച്ചു വരുന്നു. ഉയർന്ന് വരുന്ന ശബ്ദമലിനീകരണം കേൾവിക്കുറവ് മാത്രമല്ല, ജനങ്ങളുടെ ആരോഗ്യത്തെ ബാധിക്കുന്ന തരത്തിൽ രൂക്ഷമായിക്കൊണ്ടിരിക്കുന്നു. കേരളത്തിൽ നിലവിൽ വാഹനങ്ങൾ ഹോൺ മുഴക്കി ഉണ്ടാക്കുന്ന ശബ്ദമലിനീകരണമാണ് പ്രധാന ഘടകം. ശബ്ദമലിനീകരണം നിയന്ത്രിക്കേണ്ടുന്നതിന്റെ പ്രാധാന്യം സംബന്ധിച്ച് എല്ലാ വിഭാഗം ജനങ്ങളെയും ബോധവാന്മാരാക്കുകയും, ജനകീയ പങ്കാളിത്തം ഉറപ്പു വരുത്തുന്നതിനുമായി 2017 ഏപ്രിൽ 26 "ഹോൺ മുഴക്കാത്ത ദിനമായി " ആചരിക്കുന്നതിന് സർക്കാർ തീരുമാനിച്ചിരിക്കുന്നു.

ആയതിനാൽ വലിയ തോതിൽ ശബ്ദമലിനീകരണം ഉണ്ടാക്കുന്ന എയർ ഹോണുകളുടെയും മറ്റു നിരോധിത ഹോണുകളുടെയും ഉപയോഗം കർശനമായി നിയന്ത്രിക്കേണ്ടതിനും, പ്രസ്തുത ദിനാചരണം പൊതുജന പങ്കാളിത്തത്തോടെ വൻവിജയമാക്കുന്നതിനും വേണ്ട നടപടികൾ ട്രാൻസ്പോർട്ട് കമ്മീഷണറും റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും സ്വീകരിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു.

കെ.ആർ.ജ്യോതിലാൽ
സെക്രട്ടറി

ഗതാഗത കമ്മീഷണർ, തിരുവനന്തപുരം
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും
(ഗതാഗത കമ്മീഷണർ മുഖേന)

ഡയറക്ടർ, വിവരപൊതുജന സമ്പർക്ക വകുപ്പ്
( മാധ്യമങ്ങളിലൂടെ വിപുലമായ പ്രചരണത്തിന്)
എം.ഡി., കെ.എസ്.ആർ.ടി.സി
ഐ.എം.എ., റെഡ്ക്രോസ്റോഡ്, തിരുവനന്തപുരം-695 023
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Grdl: No C1/2722/2017-TC dated - 24/04/2017.

Copy forwarded to all Deputy Transport Commissioner, all Regional Transport Officers and all Joint Regional Transport Officers for information and necessary action.

24.4.17

for Transport Commissioner.